1B6A24300 (Pages :2) Reg. No:...........................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2024**

**BML6B11 - Bhashasasthrvum Bashacharithravum**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

SECTION A

I ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക

1 ദ്രാവിഡ ഭാഷാഗോത്രത്തിൽ ഉൾപ്പെടുന്ന ഭാഷകൾ ഏവ?

2 ജീവൽഭാഷ- മൃതഭാഷ എന്തെന്ന് വ്യക്തമാക്കുക

3 മാനകഭാഷയുടെ ആവശ്യമെന്ത്?

4 ചരിത്രാത്മകഭാഷാശാസ്ത്രം എന്നാലെന്ത്?

5 രൂപിമ വിഭാഗങ്ങൾ ഏവ?

6 'പര്യായപദങ്ങൾ' എന്നാലെന്ത്?

7 ആചാരഭാഷ എന്നാലെന്ത്?

8 വ്യക്തിഭാഷ എന്നാലെന്ത്?

9 അനുനാസികാതിപ്രസരം എന്ത്?

10 സ്വനവിജ്ഞാനം എന്നാലെന്ത്?

11 'ഭാഷാവലോകനം' എന്ന കൃതിയുടെ കർത്താവ് ആര്?

12 ലിപി എന്നാലെന്ത്?

13 പെട്ടിയിൽ എന്നതിലെ സ്വതന്ത്ര രൂപിമവും ആശ്രിത രൂപിമവും ഏത്?

14 മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിച്ച വർഷം ഏത്?

15 ആധുനിക ഭാഷാശ്സ്ത്രത്തിന് അടിത്തറയിട്ട ബ്ലൂംഫീൽഡിന്റെ 1933ൽ പുറത്തിറങ്ങിയ ഗ്രന്ഥമേത്?

(15 x 2 = 30പരമാവധി മാർക്ക് 25)

## SECTION B

II ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക

16 മാതൃഭാഷ - ഒന്നാം ഭാഷ എന്ന സങ്കൽപത്തിന്റെ യുക്തിയെന്ത്?

17 ഭാഷാഭേദം എന്നാലെന്ത്? വ്യത്യസ്തതരം ഭാഷാഭേദങ്ങൾ ഏവ?

18 വെങ്കലഭാഷ എന്നാലെന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.

19 സമഭാഷാംശസീമാരേഖകൾ എന്തെന്ന് വ്യക്തമാക്കുക.

20 സ്വനം - സ്വനിമം - രൂപിമം എന്നിവ എന്തെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

21 മാതൃഭാഷയുടെ സമകാലിക പ്രസക്തിയെന്ത്?

22 നവമാധ്യമങ്ങൾ സമകാലിക മലയാളഭാഷയെ എങ്ങനെ സ്വാധീനിക്കുന്നു?

23 ഭാഷയും അധികാരവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?

(5 x 8 = 40പരമാവധി മാർക്ക് 35)

## SECTION C

III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24 കൊടുന്തമിഴ് മലയാളമായി പരിണമിച്ചതിന് ഏ.ആർ.ചൂണ്ടിക്കാട്ടുന്ന ആറ് കാരണങ്ങൾ ഏവ?

25 ഭാഷാഭേദപഠനം എങ്ങനെ നിർവ്വഹിക്കാം?

26 മലയാളഭാഷ നേരിടുന്ന വെല്ലുവിളികൾ ഏവ?

27 കക്ഷ്യാവിഭജനം എന്തെന്ന് വ്യക്തമാക്കുക.

(2x 10 = 20 മാർക്ക്)

50

1B6A24301 (Pages :2) Reg. No:……………………...

Name: …………………………..

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2024**

**BML6B12 - Gadhyasahithyam**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION A

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. മലയാള ഗദ്യഭാഷയുടെ വികാസ ഘട്ടങ്ങളെ എത്രയായി തരം തിരിച്ചിരിക്കുന്നു? അവ ഏതൊക്കെ?
2. ത്രൈവർണികരുടെ ഭാഷ എന്നറിയപ്പെട്ടിരുന്ന ഭാഷ ഏത്?
3. ശാസനകാലം എന്നാലെന്ത്?
4 ഭാഷയുടെ സംക്രമണഘട്ടം എന്ന് സി. എൽ. ആന്റണി വിശേഷിപ്പിക്കുന്ന കാലഘട്ടം ഏതാണ്?
5. അധ്യയന ഭാഷയെപ്പറ്റി ഉദയഭാനുവിന്റ അഭിപ്രായമെന്ത്
6. കേരളപാണിനിയുടെ ആറ്ഭാഷാ നയങ്ങൾ ഏതെല്ലാം?
7. മണിപ്രവാളത്തിന്ലീലാ തിലകത്തിൽ നൽകിയിരിക്കുന്ന ലക്ഷണമെന്ത്?
8. മിഷനറി ഗദ്യം എന്നാലെന്ത്?
9. ഉദയം പേരൂർ സുനഹദോസിന്റ പ്രാധാന്യം എന്ത്?
10. മലയാളത്തിലെ ആദ്യകാല മാസികകളിൽ നാലെണ്ണത്തിന്റെ പേരെഴുതുക.
11. കാന്താരതാരകം എഴുതിയത് ആര്? പ്രാധാന്യം എന്ത്?
12. 'വർത്തമാനപുസ്തകം' പരിചയപ്പെടുത്തുക
13. നാടക കലയെക്കുറിച്ച് കൈനിക്കര അവതരിപ്പിക്കുന്ന പ്രധാന സിദ്ധാന്തം ഏത് ?
14. ലിപിവിന്യാസത്തെകുറിച്ച്മാരാരുടെ അഭിപ്രായം എന്ത്?
15. പാവങ്ങൾ വിവർത്തനം ചെയ്തതാര്? ഏതു ഭാഷയിൽ നിന്ന്?

**(15 X 2 = 30, പരമാവധിമാർക്ക് 25)**

## SECTION B

## II.ഒരുഖണ്ഡികയിൽകവിയാതെഉത്തരമെഴുതുക.

**കുറിപ്പെഴുതുക.**

16. മൃഗയാസ്മരണകൾ
17. നമ്പ്യാന്തമിഴ്
18. തിരമൊഴി
19. യാത്രാവിവരണങ്ങൾ
20. വാഴപ്പിള്ളി ശാസനം
21. ആട്ടപ്രകാരം , ക്രമദീപിക എന്നിവ വിശദമാക്കുക
22. പുല്ലേലിക്കുഞ്ചുവിന്റെ ചരിത്ര പരമായ പ്രാധാന്യം എന്ത്?
23. അറബി മലയാളത്തിന്റെ ഭാഷാപരമായ പ്രത്യേകതകൾ എന്തെല്ലാം?

**(8 X 5 = 40, പരമാവധിമാർക്ക് 35)**

**III.ഏതെങ്കിലും രണ്ടുചോദ്യത്തിന് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. എം. ആർ. ബിയുടെ ജീവിതത്തിൽ കുട്ടിക്കൃഷ്ണമാരാർ ചെലുത്തിയിട്ടുള്ള സ്വാധീനം വിശദീകരിക്കുക.
25. മലയാളഗദ്യത്തിന്റെ ആധുനികീകരണത്തിൽ പത്രങ്ങളും ആനുകാലികകങ്ങളും വഹിച്ച പങ്ക് വിശദമാക്കുക.
26. ശാസന ഭാഷയുടെ സവിശേഷതകൾ ഏതെല്ലാം ?
27. അച്ചടിയുടെ വികാസം ഗദ്യത്തിന്റെ ചരിത്രത്തിൽ ചെലുത്തിയ സ്വാധീനം എന്ത്?

**(2X10=20)**

51

1B6A24302 (Pages :2) Reg. No:...........................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2024**

**BML6B13 - Pourasthya Sidhanthangal**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

**I. ഒന്നോരണ്ടോവാക്യത്തിൽഉത്തരമെഴുതുക**

1. നാട്യ ശാസ്ത്രത്തിൽ എത്ര അധ്യായങ്ങളാണുള്ളത് ?
2. "വാക്യം രസാത്മകം കാവ്യം" എന്നു നിർവചിച്ചതാര്? ഗ്രന്ഥമേത്?
3. 'അലങ്കാര ശാസ്ത്രം മലയാളത്തിൽ' എന്ന ഗ്രന്ഥത്തിന്റെ രചയിതാവാര്?
4. ഭരതന്റെ രസസിദ്ധാന്ത സംഗ്രഹമായ രസ സൂത്രംഎഴുതുക?
5. ആനന്ദവർദ്ധനൻ ധ്വനികാവ്യമായി പറയുന്നത് ഏതു തരം കാവ്യത്തെയാണ്?
6. വൃത്തവും ഛന്ദസ്സും വേറിടുന്നതെങ്ങനെ?
7. പദത്തിന്റെ വാച്യാർത്ഥത്തെ നേരിട്ടു നിവേദിപ്പിക്കുന്ന ശബ്ദവ്യാപാരത്തിനു പറയുന്ന പേര്?
8. "ഹാ, പുഷ്പമേ, അതികതുംഗപദത്തിലെത്ര<br>ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ<br>ശ്രീഭൂവിലസ്ഥിര-അസംശയ-മിന്നുനിൻ്റെ-<br>യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ?" വൃത്തം നിർണയിക്കുക.
9. കേരളപ്രാസം എന്ന് എ.ആർ. പേരു കൊടുത്തിട്ടുള്ളത് ഏതു പ്രാസത്തിനാണ്?
10. ലക്ഷണാവ്യാപാരം എത്ര വിധം? ഏതൊക്കെ?
11. "അണിമതികലയും സുരവാഹിനിയും<br>ഫണിപതിഗണഫണമണികളുമണിയും" വൃത്തംനിർണയിക്കുക?
12. .ഗുണം എത്ര വിധം? ഏതെല്ലാം?
13. അലങ്കാരത്തിന് ഏ.ആർ. നൽകുന്ന നിർവചനം?
14. "ഇവയെക്കൊണ്ടുതീർക്കുന്നു<br>കവീന്ദ്രരുപമാദിയെ" ഏതെല്ലാം കൊണ്ട്?
15. "സംസാരമാംസാഗരത്തി-<br>ലംസാന്തംമുങ്ങൊലാസഖേ!" അലങ്കാരം നിർണയിക്കുക?

**(2 x 15=30. പരമാവധിമാർക്ക്25 )**

II.**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക**

16.കാവ്യപ്രയോജനത്തെക്കുറിച്ചുള്ള മമ്മടന്റെ അഭിപ്രായം ക്രോഡീകരിക്കുക.

17. ഭാരതീയ കാവ്യശാസ്ത്രം സഹൃദയനെ പരിഗണിക്കുന്നതെങ്ങനെ?

18. ഭാരതീയമായ കാവ്യ സിദ്ധാന്തങ്ങളുടെയെല്ലാം സമകാലിക പ്രസക്തി അയ്യപ്പപ്പണിക്കർ ഉറപ്പിക്കുന്നതെങ്ങനെ?

19. ഉപമ, ഉൽപ്രേക്ഷ എന്നീ അലങ്കാരങ്ങൾ പരിചയപ്പെടുത്തുക.

20. കവിക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങളെക്കുറിച്ചുള്ള ഭാമഹൻ, ദണ്ഡി എന്നിവരുടെ അഭിപ്രായം ചാത്തനാത്ത് അച്യുതനുണ്ണി ക്രോഡീകരിക്കുന്നതെങ്ങനെ?

21. ഭാഷാവൃത്തവും സംസ്കൃതവൃത്തവും വേറിടുന്നതെങ്ങനെ?

22. മഞ്ജരിവൃത്തത്തിന്റെ ലക്ഷണം ഉദാഹരണ സഹിതം വിശദമാക്കുക?

23. മലയാള കവിതയിൽ വൃത്തത്തിനും അലങ്കാരത്തിനുമുള്ള സ്ഥാനം വ്യക്തമാക്കുക?

**(5 x 8=40. പരമാവധിമാർക്ക്35 )**

III. **ഏതെങ്കിലും രണ്ടു ചോദ്യത്തിനു രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

24. പ്രധാനകിളിപ്പാട്ടു വൃത്തങ്ങൾ പരിചയപ്പെടുത്തുക.

25. ധ്വനിസിദ്ധാന്തം വിവരിക്കുക.

26. സിദ്ധാന്തപരിണതിയിൽ പാരമ്പര്യത്തിന്റെ നിഷേധവും നവീകരണവും ആവശ്യമാണെന്ന് അയ്യപ്പപ്പണിക്കർ സ്ഥാപിക്കുന്നതെങ്ങനെ?

27.“സാഹിത്യ ആസ്വാദനവും സാഹിത്യപഠനവും ശക്തിപ്പെടുത്താൻ സിദ്ധാന്തങ്ങൾ അനിവാര്യമാണ്” നിങ്ങൾ ഈ അഭിപ്രായത്തോടു യോജിക്കുന്നുവോ?

**(2x 10=20. പരമാവധിമാർക്ക്൰)**

1B6A24303 (Pages :2) Reg. No:.............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2024**

**BML6B14 - Navasamskara padanangal**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION A

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 2 മാർക്ക് വീതം**

1. ഉച്ച സംസ്ക്കാരം (Higher Culture ) എന്നാൽ എന്ത് ?
2. വിപണികല (Mass art) എന്നാലെന്ത്?
3. ക്ലാസിക്കൽ മാർക്സിസം സംസ്കാര രൂപങ്ങളെ വിശദീകരിക്കാൻ ഉപയോഗിക്കുന്ന പരികൽപന എന്ത്?
4. മലബാറെന്ന പ്രരൂപത്തെ വിശകലനം ചെയ്യാൻ എം ടി അൻസാരി ഏതെല്ലാം കൃതികളെയാണ് പഠനവിധേയമാക്കുന്നത്?
5. നീച സംസ്ക്കാരം(Lower Culture) എന്നാൽ എന്ത്
6. ഭാഷാകേന്ദ്രിതമായി സാഹിത്യകൃതികളെ കാണുന്ന രീതിയെ സംസ്കാരപഠനം കൈവെടിയുന്നതെന്തുകൊണ്ട്?
7. സംസ്കാരത്തെ റെയ്മണ്ട് വില്യംസ് നിർവ്വചിക്കുന്നതെങ്ങനെ?
8. സാംസ്കാര വ്യവസായം എന്നാൽ എന്ത് ?
9. ഓറിയന്റലിസം എന്ന പുസ്തകത്തിന്റെ പ്രസക്തിയെന്ത്?
10. എരിയെ കുറിച്ച് ആദ്യം കേട്ട ഐതിഹ്യമെന്ത്?
11. പരിസ്ഥിതിസൗന്ദര്യശാസ്ത്രചിന്തയ്ക്ക് പ്രേരകമായി ടി പി സുകുമാരൻ പരിചയപ്പെടുത്തുന്ന കടമ്മനിട്ടയുടെ കൃതികളേതെല്ലാം ?
12. ദലിത് എന്ന പദത്തിന്റെ അർത്ഥവിവക്ഷകൾ എന്തെല്ലാം ?
13. ഹെർമൻ ഗുണ്ടർട്ട് നിഘണ്ടു നിർമാണത്തിന് മലയാളഭാഷാപദങ്ങൾ ശേഖരിച്ചതെങ്ങനെ?
14. എന്തിനു സമാന്തരമായാണ് ബഹുജനസമൂഹം രൂപപ്പെടുന്നത്?
15. ഇന്ദുലേഖയുടെ സ്വപ്നം പ്രാക്തനദേശീയതയിൽ വിള്ളലുകൾ വീഴ്ത്തുന്നതെങ്ങനെ?

**പരമാവധി 25 മാർക്ക്**

## SECTION B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം**

16. ടെലിവിഷന്റെ വ്യാപനം ജനപ്രിയസംസ്കാരത്തിൽ സൃഷ്ടിച്ച മാറ്റങ്ങളെ വ്യക്തമാക്കുക

17. ഇസ്ലാമിക ഫെമിനിസം എന്തെന്ന് വിശദമാക്കുക

18. മാപ്പിളപ്രക്ഷോഭകാരികളെ ദുരവസ്ഥയിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

19. മാർക്സിസ്റ്റ് ഫെമിനിസം എന്നാൽ എന്ത്

20. ജി മധുസൂദനൻ സംസ്കാരപഠനവുമായി ബന്ധപ്പെട്ട് വ്യക്തമാക്കുന്ന പ്രസക്തമായ പാരിസ്ഥിതിമേഖലകളെ പരിചയപ്പെടുത്തുക

21. കേരളത്തിൽ നടന്ന മൂന്ന് പരിസ്ഥിതി സംരക്ഷണ സമരങ്ങളെപറ്റി എഴുതുക

22. ദലിത് അവബോധത്തിന്റെ സൃഷ്ടിയാണ് ദലിത്സാഹിത്യം. വ്യക്തമാക്കുക.

23. സരസ്വതി വിജയം എന്ന നോവലിന്റെ പ്രമേയ പരിസരം എന്തെന്ന് ലഘുവായി വിശദീകരിക്കുക

**പരമാവധി 35 മാർക്ക്**

## SECTION C

**III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് 2 പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

24. ഒരേ സമയം കുടുംബത്തിനകത്ത് എഴുത്തുകാരിയും വീട്ടുകാരിയുമായി മാറേണ്ടിവരുന്ന സ്ത്രീയുടെ സ്വത്വസംഘർഷങ്ങളെ ആഖ്യാനം ചെയ്യുന്ന കഥയാണ് 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും'.വിശകലനം ചെയ്യുക .

25. ദലിത് സാഹിത്യത്തിന്റെ സൈദ്ധാന്തിക വിശകലനത്തിന് ഉപയോഗിക്കാവുന്ന ആഖ്യനമെന്ന നിലയിൽ എരിക്ക് ഒരു പഠനം തയ്യാറാക്കുക

26. വരേണ്യവിഭാഗം അധികാരം നിലനിർത്തുന്നതെങ്ങനെ? പി കെ പോക്കറിന്റെ നിരീക്ഷണങ്ങളെ സമകാലികരാഷ്ട്രീയ പശ്ചാത്തലത്തിൽ ചരിത്രാത്മകമായി വിലയിരുത്തുക.

27. സവർണജ്ഞാനരൂപങ്ങളെ പ്രശ്നവൽക്കരിക്കുന്ന വ്യവഹാരമണ്ഡലമാണ് സരസ്വതീവിജയത്തിന്റേത് - സ്ഥാപിക്കുക

**( 2 x 10 = 20)**

53

1B6A24304 (Pages :2) Reg. No:……………………...

Name: …………………………

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2024**

**BML6B17 - Cyber Malayalam**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.** [2 x 15 = 30 (പരമാവധി മാർക്ക് 25)]

1. യു.ആർ.എൽ ( URL) - പൂർണ്ണ രൂപം എന്ത്?
2. തിരമൊഴി എന്ന പദം കൊണ്ട് വിവക്ഷിക്കുന്നതെന്ത്?
3. ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയുള്ള വാണിജ്യത്തിന് പറയുന്ന പേരെന്ത്?
4. ഇൻഫർമേഷൻ ടെക്നോളജി - ആരെഴുതിയ ഗ്രന്ഥമാണ്?
5. വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ശാസ്ത്ര കല്പനകളെ പറയുന്ന പേരെന്ത്?
6. ആധുനിക മലയാള അച്ചടിയുടെ പിതാവ് എന്ന് അറിയപ്പെടുന്നത് ആര്?
7. മൾട്ടി മീഡിയ എന്നാൽ എന്ത്?
8. മലയാളത്തിലെ ആദ്യത്തെ പോർട്ടൽ ഏതാണ്?
9. ആർക്കും എഴുതാവുന്ന സ്വതന്ത്ര ഓൺലൈൻ വിജ്ഞാനകോശം എന്ന ആശയം അവതരിപ്പിച്ചത് ആര്?
10. പ്രതീതി യാഥാർത്ഥ്യം എന്നാൽ എന്ത്?
11. ഇ-ലൈബ്രറി എന്നാൽ എന്ത്?
12. വെബ്സൈറ്റ് എന്ന കഥ ആരാണ് എഴുതിയത്?
13. ഫേസ്ബുക്ക് ആരംഭിച്ച വർഷം ഏത്?
14. കേരളത്തിലെ ആദ്യത്തെ സൈബർ പോലീസ് സ്റ്റേഷൻ എവിടെയാണ്?
15. വ്ളോഗിംഗ് (vlogging) എന്നാൽ എന്ത്?

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.** [5 x 8 = 40 (പരമാവധി മാർക്ക് 35)]

16. ഭാഷാ സാങ്കേതികത എന്തെന്ന് വിശദമാക്കുക?
17. മലയാളം വെബ്സൈറ്റുകൾ - കുറിപ്പെഴുതുക
18. തിരമൊഴി - വിശദമാക്കുക
19. മലയാളത്തിലെ പ്രധാനപ്പെട്ട സൈബർ കഥകളെക്കുറിച്ച് വിവരിക്കുക

20. സിറ്റിസൺ ജേർണലിസം എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
21. യൂണികോഡ് ഫോണ്ടുകൾ എന്നാൽ എന്ത്?
22. ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് - വിശദമാക്കുക
23. സൈബർ വിഷയകങ്ങളായ സാഹിത്യ വിമർശനങ്ങളെ കുറിച്ച് വിവരിക്കുക.

**ഏതെങ്കിലുംരണ്ട്ചോദ്യങ്ങൾക്ക്രണ്ടുപുറത്തിൽകവിയാതെഉപന്യസിക്കുക**

[2 x 10 = 20]

24. എഴുത്തിന്റെയും വായനയുടേയും മേഖലകളിൽ സൈബർ സ്പേസ് ചെലുത്തിയ സ്വാധീനം വിശദമാക്കുക.
25. മലയാളത്തിലെ വിവിധ ബ്ലോഗുകളെക്കുറിച്ച് ഉപന്യസിക്കുക.
26. വിക്കിപീഡിയയുടെ സഹോദരസംരംഭങ്ങൾ ഏതെല്ലാം ? വിശദമാക്കുക.
27. നൃത്തം എന്ന മലയാള നോവൽ മുന്നോട്ടുവയ്ക്കുന്ന സൈബറിടത്തിന്റെ സവിശേഷതകൾ എന്തെല്ലാം?